DESPATCHED On..19.3.2020

07/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 640*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3434**/*എസ്.ഐ.സി–ജി 6/14*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.വി.സത്യശീലൻ,
കൂരവിള വീട്, കൈതക്കോണം,
വർക്കല പി.ഒ., പിൻ – 695 141. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. ശ്രീമതി ശോഭന കെ.എസ്.,
പയ്യനവിളാത്ത്, പെരിമ്പള്ളൂർ പി.ഒ.,
മൂവാറ്റുപുഴ, എറണാകുളം.

2. അപ്പീൽ അധികാരി&
അഡീഷണൽ സെക്രട്ടറി,
സംസ്ഥാന വിവരാവകാശ കമ്മീഷൻ,
പുന്നൻ റോഡ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.12.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.03.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.03.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായില്ല. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. വി.സത്യശീലൻ,

05.03.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 06.03.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.640(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ 1, 2, 3, 4, 6 എന്നീ ഇനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ആയതിനാൽ വിവരം നൽകാൻ നിർവ്വാഹമില്ലെന്നു പറഞ്ഞ് ഒഴിവാക്കിയെന്നും ക്രമനമ്പർ 5-ായി ആവശ്യപ്പെട്ട വിവരങ്ങൾ അപൂർണ്ണവും അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലും ആയിരുന്നുവെന്നും തുടർന്ന് നൽകിയ ഒന്നാം അപ്പീലിനും രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ തൃപ്തികരമല്ലെന്നും ടി ഹർജി സംബന്ധിച്ച ഫയലിന്റെ എല്ലാ പേജുകളുടെയും പകർപ്പുകൾ പരിശോധിക്കാൻ അവസരം നൽകിയിട്ടില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ ഒന്നാം എതിർകക്ഷി നിരസിച്ചുവെന്നും യഥാർത്ഥ വിവരങ്ങൾ മറച്ചുവച്ചുകൊണ്ട് ടിയാൻ ആവശ്യപ്പെടാത്ത വിവരങ്ങൾ നൽകി ഹർജിക്കാരനെ തെറ്റിദ്ധരിപ്പിക്കുന്നതിനും പകർപ്പിന് ഭീമമായ തുക ഈടാക്കുന്നതിനും ബോധപൂർവ്വം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് തടസ്സപ്പെടുത്തുകയും ചെയ്തുവെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.11.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, സി.പി.നം.60(3)/2012/എസ്.ഐ.സി. എന്ന പരാതി 14.02.2012ന് ഉച്ചയ്ക്ക് 3.20ന് കൂടുതൽ തെളിവെടുപ്പിന് നിശ്ചയിച്ചിരുന്നുവെന്നും അന്നേദിവസം തെളിവെടുപ്പിന് കമ്മീഷൻ മുമ്പാകെ ഹാജരുണ്ടായിരുന്നോയെന്നും 14.02.2012ലെ തെളിവെടുപ്പിന് ഹർജിക്കാരൻ അവധിയ്ക്ക് അപേക്ഷിച്ചിരുന്നോയെന്നും ടി ദിവസത്തെ തെളിവെടുപ്പ് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിയിട്ടുണ്ടായിരുന്നോയെന്നും മാറ്റിയെങ്കിൽ ടി വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നോയെന്നും 14.02.2012നു ശേഷം ടിയാനെ കൂടാതെ ഏതെല്ലാം ദിവസങ്ങളിൽ തെളിവെടുപ്പ് നടത്തിയെന്നും അന്തിമ തീരുമാനത്തിനു മുമ്പ് ഹർജിക്കാരന് അവസരം നൽകിയിരുന്നോയെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 27.11.2013ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.12.2013ന് നൽകിയ മറുപടിയിൽ ടി

ഓഫീസിലെ എസ്.പി.ഐ.ഒ. 27.11.2013ന് നൽകിയ മറുപടി നിയമാനുസൃത മാണ് എന്നാണ് അറിയിച്ചത്.

4. 23.04.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ 6 ഇനം വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ടിയാന്റെ സംശയ ങ്ങൾക്കുള്ള മറുപടിയും 2005ലെ വിവരാവകാശ നിയമത്തിൻ കീഴിൽ ഉണ്ടാ ക്കിയ ചട്ടങ്ങളുടെ വ്യാഖ്യാനവുമാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയ ലിന്റെ പകർപ്പ് ചട്ടമനുസരിച്ചുള്ള ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും ആവശ്യമെങ്കിൽ ടിയാന് നേരിട്ട് ഹാജരായി പരിശോധിക്കാമെന്നും ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നുവെന്നാണ്. എന്നാൽ ഹർജിക്കാരൻ അപ്രകാരം പ്രവർത്തിക്കാതെയാണ് ഒന്നാം അപ്പീൽ സമർപ്പിച്ചിരിക്കുന്ന തെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമാകയാൽ ആയത് ചൂണ്ടിക്കാണിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജി ക്കാരന് തൃപ്തികരമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയതായി കാണുന്നില്ല. കൂടാതെ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെ പേരിൽ നോട്ടീസ് നൽകിയെങ്കിലും ടിയാൾ ഹാജരാകുകയോ അസൗകര്യം അറിയിച്ച് കത്തു നൽകുകയോ ചെയ്തിരുന്നില്ല. ആകയാൽ ടി വീഴ്ചകൾ വളരെ ഗുരുതരമാകയാൽ മേൽപ്പടി എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരി യാണെന്ന് കമ്മീഷൻ കാണുന്നു. ആകയാൽ ടി വീഴ്ച വരുത്തിയ പരാ മർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയി ല്ലെങ്കിൽ ടിയാൾക്ക് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാൾക്കെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്ത രവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർക

ക്ഷിയ്ക്ക്  കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 07–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM